**സബ്മിഷൻ**

(ബഹുമാനപ്പെട്ട സ്പീക്കർ പ്രതിപക്ഷനേതാവിനെ സബ്മിഷൻ അവതരിപ്പിക്കുന്നതിനായി ക്ഷണിച്ചെങ്കിലും അദ്ദേഹം സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായില്ല.)

1. വനഭൂമി പട്ടയ അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ നടപടി

ശ്രീ. പി. എസ്. സുപാൽ: സർ, 01-01-1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിയ കർഷകർക്കാണ് കേന്ദ്രസർക്കാരിന്റെ അനുമതിയോടെ പട്ടയം നൽകിവരുന്നത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുൻകൈയെടുത്ത് പലകാരണങ്ങൾകൊണ്ട് പട്ടയം ലഭിക്കാത്തവരെ സംബന്ധിച്ച ഒരു വിവരശേഖരണം കഴിഞ്ഞ മാർച്ച് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ മുഖാന്തരം നടത്തിയിരുന്നു. എന്നാൽ ഈ വിവരം യഥാസമയം അറിയാത്തതുമൂലം വലിയ വിഭാഗം ആളുകൾക്ക് അപേക്ഷ നൽകാൻ സാധിച്ചിട്ടില്ല. തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ പലർക്കും അപേക്ഷ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. മലയോര മേഖലയിൽ താമസിക്കുന്നവർ ഉൾപ്പെടെ അനേകർക്ക് അപേക്ഷ നൽകാൻ

കഴിഞ്ഞിട്ടില്ല. അത്തരത്തിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക് ഒരു അവസരം കൂടി നൽകാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ പുനലൂർ, പത്താനപുരം താലൂക്കുകളിൽ 01-01-1977 മുതൽ വനഭൂമി കൈവശം വച്ചുവരുന്നതും 'ഭൂപതിവിന്' അർഹതപ്പെട്ടതുമായ 4552 അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള കേന്ദ്രാനുമതി ലഭിക്കുന്നതിനായി ഭൂമിയുടെ വിവരങ്ങൾ 'പരിവേഷ്' പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതും നാളിതുവരെ കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതുമാണ്. ഈ വിഷയത്തിൽ ഉൾപ്പെടെ സംസ്ഥാനത്തെ പതിവിന് അർഹമായ വനഭൂമി പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഒരു പ്രധാന പ്രശ്നമാണ്. അപേക്ഷാ തീയതി ജൂലൈ 30-വരെ നീട്ടാവുന്നതാണ്. അദ്ദേഹം ഉന്നയിച്ചപോലെ കൊല്ലം ജില്ലയിലെ വനഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കൈവശ രേഖകൾ സ്കാൻ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കാൻ 2,36,400 രൂപ ചെലവ്

വരുമെന്ന് അറിയിച്ചിട്ടുണ്ട്, ആ ഫണ്ട് പട്ടയ മിഷനിൽനിന്നും ഉൾപ്പെടുത്താവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## 2. ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.ക്ക് സ്വന്തമായി കെട്ടിടം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ ഐ.ടി.ഐ ആണ് ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.. 02-09-2013 മുതൽ "പെരുന്ന ഗവൺമെന്റ് എൽ.പി.എസ്" കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. 'ഡ്രാഫ്റ്റ്സ്മാൻ', 'സിവിൽ', 'കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പോഗ്രാമിംഗ് അസിസ്റ്റന്റ്', 'സ്കിൽ ആൻഡ് കെയർ' എന്നീ ട്രേഡുകൾ അനുവദിച്ചു. മതിയായ കെട്ടിട സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് 'സ്കിൽ ആൻഡ് കെയർ ' ട്രേഡ് ആരംഭിക്കുവാനും 'കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പോഗ്രാമിംഗ് അസിസ്റ്റന്റ്' കോഴ്സിന്റെ അംഗീകാരം നേടാനും സാധിക്കുന്നില്ല. ട്രേയ്ഡുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള ലാബ് സംവിധാനങ്ങൾ, ലൈബ്രറി റൂം, അമിനിറ്റീസ് സെന്റർ, ആവശ്യമായ ശുചിമുറികൾ എന്നിവയൊന്നുംതന്നെ അവിടെയില്ല. നിലവിൽ ആകെയുള്ള രണ്ട് കോഴ്സുകളിലായി 96 വിദ്യാർത്ഥിനികൾ

+ അനുബന്ധമായി ചേർക്കുന്നു.

പഠിക്കുന്നുണ്ട്. ഒരു ക്ലാസ് റൂം മാത്രം ഉപയോഗിച്ചുകൊണ്ടാണ് കഴിഞ്ഞ പത്ത് വർഷമായി ഐ. ടി.ഐ പ്രവർത്തിക്കുന്നത്. സ്ഥലസൗകര്യമില്ലാത്തതുമൂലം ഈ ഐ.ടി.ഐ.യിൽ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല. ചങ്ങനാശ്ശേരി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഈ ഐ.ടി.ഐ.ക്ക് നഗരസഭാ അധികൃതർ അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം 1 ഏക്കർ 7 സെന്റ് സ്ഥലം ഐ.ടി.ഐ.ക്ക് അനുവദിക്കുന്നതിനായി നഗരസഭ പ്രമേയം പാസാക്കുകയും ആയത് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷയോടൊപ്പം കമ്മിറ്റി തീരുമാനം, സ്ഥലത്തിന്റെ റവന്യൂ രേഖകൾ, ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സമർപ്പിച്ചിട്ടില്ലെന്ന് കാണിച്ചുകൊണ്ട് നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ, Come to the point.......പ്ലീസ്..... പ്ലീസ്, സബ്മിഷന് അനുവദിക്കുന്നത് ഒരു മിനിറ്റാണ്, ഇത് എത്ര സമയമാണ് എടുക്കുന്നത്...

ശ്രീ. ജോബ് മൈക്കിൾ: സർ, പ്രസ്തുത ഭൂമി അടിയന്തരമായി കൈമാറുന്നതിനും കൈമാറ്റത്തിന് കാലതാമസം നേരിടുകയാണെങ്കിൽ ഭൂമിയുടെ അഡ്വാൻസ് പൊസഷൻ എടുക്കുവാനുള്ള അനുവാദം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ, ശ്രീ. കെ. ജെ. മാക്സി, ശ്രീ. കെ. വി. സുമേഷ്, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നിവർ സബ്മിഷൻ അവതരിപ്പിച്ചതായി കണക്കാക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർക്ക് മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്+.

(നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

---

+ അനുബന്ധമായി ചേർക്കുന്നു.